(സി ആന്റ് ഡി) കുടിവെള്ള ലഭ്യത ഉറപ്പുവരുന്നുന്നതിനായി ചെക്ക് ഡാം, വാട്ടർ ഫോൾ, ചെറിയ കുളങ്ങൾ എന്നിവ നിർമ്മിക്കുവാനും നിലവിലുള്ളത് നന്നാക്കാനും പദ്ധതിയുണ്ട്. അത് നടപ്പാക്കുന്നുമുണ്ട്.

ആനക്കൊമ്പുകൾ വിദേശ വിപണിയിൽ വിറ്റഴിക്കാൻ നടപടി

127 [3001] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എന്നു മുതലാണ് ആനക്കൊമ്പിന്റെ ലേലവും ക്രയ വിക്രയവും നിരോധിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) വനം വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ എത്ര തൂക്കം വരുന്ന ആനക്കൊമ്പ് ശേഖരം ഉണ്ടെന്നും അവയ്ക്ക് എന്ത് വില വരുമെന്നും അറിയി ക്കാമോ;

(സി) സ്വകാര്യ ആന ഉടമകളുടെ കൊമ്പനാനകൾ ചെരിയുമ്പോൾ ആന ക്കൊമ്പുകൾ സർക്കാർ പിടിച്ചെടുക്കാറുണ്ടോ;

(ഡി) കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര അനധികൃത ആനക്കൊമ്പ് വ്യാപാരക്കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെന്നും അതിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും അറിയിക്കാമോ;

(ഇ) സർക്കാർ ശേഖരത്തിലുള്ള ഉന്നതമൂല്യമുള്ള ആനക്കൊമ്പുകൾ എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(എഫ്) സംസ്ഥാന സർക്കാർ ഇപ്പോൾ നേരിടുന്ന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് സർക്കാർ ശേഖരത്തിലുള്ള ആനക്കൊമ്പുകൾ വിദേശ വിപണിയിൽ വിറ്റഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വന്യജീവി സംരക്ഷണ നിയമപ്രകാരം 1986-ൽ ആനകളെ ഷെഡ്യൂൾ 1-ൽപെടുത്തുകയും ടി ഷെഡ്യൂൾ പ്രകാരം 1986-ൽ ആന പിടുത്തവും ആനക്കൊമ്പിന്റെ ലേലവും ക്രയവിക്രയവും നിരോധിച്ചിട്ടുണ്ട്.

(ബി) വനം വകുപ്പിന്റെ അധീനതയിൽ ഇപ്പോൾ 2322.893 കി. ഗ്രാം ആനക്കൊമ്പ് ശേഖരം ഉണ്ട്. എന്നാൽ 1986 മുതൽ ആനക്കൊമ്പിന്റെ ക്രയവിക്രയം ഇല്ലാത്തതിനാൽ സർക്കാർ ആനക്കൊമ്പിന്റെ വില നിശ്ചയിച്ചിട്ടില്ല.

(സി) സ്വകാര്യ ആനകളുടെ കൊമ്പുകൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകി ഉടമകൾക്ക് സൂക്ഷിക്കാൻ നൽകുന്നു. ഇപ്രകാരം ഉടമസ്ഥാവകാശ സർട്ടിഫി ക്കറ്റില്ലാതെ ആനക്കൊമ്പ് സൂക്ഷിക്കുന്നത് നിയമപ്രകാരം പിടിച്ചെടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരളത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 അനധികൃത ആനക്കൊമ്പ് വ്യാപാരക്കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസ്സുകളിൽ 7 എണ്ണം കോടതിയിൽ ചാർജ്ജ് ചെയ്യുകയും 2 എണ്ണം കണ്ടുകെട്ടലിന് വിധേയമാക്കുകയും 12 കേസ്സുകളിൽ അന്വേഷണം നടക്കുകയും ചെയ്യുന്നു.

(ഇ) ആനക്കൊമ്പിന്റെ ക്രയവിക്രയം നിയമവിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല.

(എഫ്) ആനക്കൊമ്പിന്റെ ക്രയവിക്രയം നിയമവിരുദ്ധമായതിനാൽ ഇക്കാര്യത്തിൽ നടപടികളൊന്നുംതന്നെ സ്വീകരിക്കുവാൻ കഴിയുകയില്ല.

സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ കേന്ദ്രങ്ങൾ

128 [3002] **ശ്രീ. കെ. പി. മോഹനൻ:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യയുടെ എത്ര കേന്ദ്രങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കേന്ദ്രങ്ങളുടെയും സ്ഥാപനങ്ങളുടെയും വിശദവിവരങ്ങൾ ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) തലശ്ശേരിയിൽ പ്രവർത്തിക്കുന്ന സായ്കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിലയിരുത്താമോ;

(ഡി) ബാസ്ക്കറ്റ് ബാളിന് പ്രാധാന്യമുള്ള തലശ്ശേരി സായ്കേന്ദ്രത്തിൽ പ്രാഗത്ഭ്യമുള്ള ഒരു കോച്ചില്ല എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇപ്പോഴുള്ള താൽക്കാലിക കോച്ച് ശ്രീ. മുഹമ്മദ് അഷ്റഫിനെ സ്ഥിരമായി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അഞ്ച് കേന്ദ്രങ്ങൾ.

(ബി) വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

കോഴിക്കോട്	..	സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ട്രെയിനിംഗ് സെന്റർ
ആലപ്പുഴ	..	വാട്ടർ സ്പോർട്ട്സ് സെന്റർ
തൃശ്ശൂർ	..	എസ്.പി.ഡി.എ. സെന്റർ
കണ്ണൂർ	..	ജിംനാസ്റ്റിക് സെന്റർ, തലശ്ശേരി
കൊല്ലം	..	എസ്.പി.ഡി.എ. സെന്റർ

LIBRARY ARCHIVES Kerala Legislative Assembly